-3-

ഫാം. ജെ. 2059/2017

ഫാം ഇൻഫർമേഷൻ ബ്യൂറോ,
കവടിയാർ പി.ഒ.
തിരുവനന്തപുരം-3
തീയതി : 05/08 /2017.

## ദർഘാസ് നോട്ടീസ്

2017 സെപ്റ്റംബർ രണ്ടാം വാരം സംസ്ഥാന ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഓണാഘോഷ പരിപാടിയുടെ സമാപന ചടങ്ങിൽ പ്രദർശിപ്പിക്കാനായി **'ഓണത്തിന് ഒരു മുറം പച്ചക്കറി'** എന്ന സന്ദേശം പ്രമേയമാക്കി ഒരു ഫ്ളോട്ട് തയ്യാറാക്കുവാൻ ഫാം ഇൻഫർമേഷൻ ബ്യൂറോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത ഫ്ളോട്ട് തയ്യാറാക്കാൻ താല്പര്യമുള്ള ശില്പികളിൽ/കലാകാരന്മാരിൽ നിന്നും ദർഘാസ് ക്ഷണിക്കുന്നു.

1) ഫാം ഇൻഫർമേഷൻ ബ്യൂറോ നൽകുന്ന ചിത്രമായിരിക്കണം ഫ്ളോട്ടിന്റെ രൂപം. ഫ്ളോട്ട് സജ്ജീകരിക്കുന്നതിനാവശ്യമായ എല്ലാ സാധനസാമഗ്രിയും കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും സജ്ജീകരിക്കേണ്ടതാണ്. (ചെടികൾ ഉൾപ്പെടെ)

2) ഈ ചിത്രത്തിന്റെ ത്രിമാന രൂപത്തിനുണ്ടാകേണ്ട ഏറ്റവും കുറഞ്ഞ വലിപ്പം ചിത്രത്തോടൊപ്പം ലഭിക്കും.

3) ഐഷർ മിനി ലോറിയിൽ സജ്ജീകരിച്ച് നിർദ്ദിഷ്ട സമയത്ത് റാലിയിൽ പങ്കെടുക്കത്തവിധം ആയതിന്റെ അനുബന്ധ ചെലവുകൾ ഉൾപ്പെടെയുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്. ഫ്ളോട്ടിന്റെ നീളം 18 അടി ഉയരം 18 അടി വീതി 10 അടി എന്ന ക്രമത്തിൽ കവിയരുത്.

4) ഈ രൂപം തയ്യാറാക്കുന്നതിലേക്ക് ഇരുമ്പു ചട്ടക്കൂടിൽ മുള, പായ്, കടലാസ്, തെർമോകോൾ, പ്ലാസ്റ്റർ ഓഫ് പാരിസ്, തുണി, പ്ലാസ്റ്റിക് ഷീറ്റ് / സ്ക്വയർ ട്യൂബ്, സ്റ്റീൽ, 6 എം.എം. റോഡ്, ഫോം, എന്നിവ ഉപയോഗിക്കാം. ഇതിൽ ഉൾപ്പെടാത്ത ഏതെങ്കിലും വസ്തുക്കൾ ഉപയോഗിക്കണമെങ്കിൽ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറുമായി ബന്ധപ്പെട്ട് അനുമതി വാങ്ങണം. തയ്യാറാക്കുന്ന രൂപത്തിന് മിനുസമുള്ള പ്രതലത്തിൽ ഇനാമൽ പെയിന്റ് ഉപയോഗിച്ച് നിറം നൽകേണ്ടതുമാണ്.

5) ഫ്ളോട്ട് നിർമ്മിക്കുന്ന വേളയിൽ മാതൃകയിൽ കാണിച്ചിരിക്കുന്ന മുറത്തിനുള്ളിലെ പച്ചക്കറികൾക്ക് ആയവയുടെ മാതൃകകൾ നിർമ്മിച്ചു മുറത്തിൽ സ്ഥാപിക്കേണ്ടതാണ്.

6) അതോടൊപ്പം മതിയായ വെളിച്ച സംവിധാനവും ശബ്ദസംവിധാനവും നൽകേണ്ടതാണ്. മഴയുടെ സാധ്യതയുള്ള സാഹചര്യത്തിൽ ഈ ഫ്ളോട്ടിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ആകാരത്തിനും ഭംഗിക്കും കോട്ടം സംഭവിക്കാൻ പാടില്ല. കൂടാതെ ഫ്ളോട്ടിനുള്ളിലും വശങ്ങളിലും ആവശ്യമായ ദീപസംവിധാനം ക്യാമ്പയിൻ ഓഫീസറുടെ നിർദ്ദേശപ്രകാരം ചെയ്യേണ്ടതാണ്.

7) സാൽവേഷൻ ആർമി, ടാഗോർ തീയേറ്റർ എന്നീ അംഗീകൃത സ്ഥലങ്ങളിൽ നിന്നും പുറപ്പെടത്തക്ക രീതിയിൽ അന്നേ ദിവസം രാവിലെ 10 മണിക്ക് മുൻപ് അലങ്കാരം മുഴുവൻ പൂർത്തിയാക്കേണ്ടതാണ്.

8) കൃഷിവകുപ്പിന്റെ സന്ദേശം രേഖപ്പെടുത്തി പ്രിന്റ് ചെയ്ത് (ലോഗോകൾ ഉൾപ്പെടെ) വാഹനത്തിന്റെ വശങ്ങളും പിൻഭാഗവും മറയ്ക്കേണ്ടതാണ്.

9) ഫ്ളോട്ടിനെ സംബന്ധിച്ച് ഓണാഘോഷം 2017 പെജന്റ്റി കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.

10) ഫ്ളോട്ടുമായി ബന്ധപ്പെട്ട എല്ലാ ജോലികളും റെന്റ് അടിസ്ഥാനത്തിലായിരിക്കും പൂർത്തിയാക്കേണ്ടത്.

11) ഫ്ളോട്ട് തയ്യാറാക്കുന്ന അവസരത്തിൽ വാഹനത്തിനുപിന്നിൽ എക്സ്റ്റൻഷൻ ആവശ്യമായി വരുന്ന പക്ഷം ആയത് ഇരുമ്പ് പൈപ്പ് ഉപയോഗിച്ച് ചെയ്യേണ്ടതാണ്.(തടിയോ മുളയോ ഉപയോഗിക്കാൻ പാടില്ല.)

12) ഫ്ളോട്ട് ഘോഷയാത്ര നടക്കുന്ന അവസരത്തിൽ ഫ്ളോട്ടിന്റെ ആകർഷകണീയതയും ഭംഗിയും വർദ്ധിപ്പിക്കുന്നതിനായി ക്യാമ്പയിൻ ആഫീസർ നൽകുന്ന നിർദ്ദേശങ്ങളും ഭേദഗതികളും വരുത്താൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കും. അല്ലാത്തപക്ഷം ക്യാമ്പയിൻ ആഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കരാർ തുകയിൽ ആനുപാതികമായി കുറവ് വരുത്തുന്നതായിരിക്കും.

13) വാഹനത്തിൽ ഫാം ഇൻഫർമേഷൻ ബ്യൂറോ നൽകുന്ന ആഡിയോ ടേപ്പ് (സംഗീതം) കേൾപ്പിക്കേണ്ടതാണ്.

14) വർക്ക് ഓർഡർ ലഭിച്ചുകഴിഞ്ഞ് ഫ്ളോട്ടിന്റെ വർക്ക് ആരംഭിച്ചുകഴിഞ്ഞാൽ ആയത് സംബന്ധിച്ച പുരോഗതി ഓരോ ഘട്ടത്തിലും ക്യാമ്പയിൻ ആഫീസറെ നേരിട്ടോ മെയിൽ മുഖാന്തിരമോ അറിയിക്കേണ്ടതാണ്.

15) ഫ്ളോട്ടിൽ ഉപയേഗിക്കുന്ന പച്ചക്കറിച്ചെടികൾ യഥാർത്ഥവും കായ്ഫലത്തോടു കൂടിയുള്ളവയും ആയിരിക്കണം. ആയത് ക്യാമ്പയിൻ ആഫീസറുടെ നിർദ്ദേശപ്രകാരമായിരിക്കണം ഫ്ളോട്ടിൽ സജ്ജീകരിക്കേണ്ടത്.

16) ഫ്ളോട്ടിൽ മനുഷ്യരൂപങ്ങളുടെ മാതൃകകളായിരിക്കണം ഉപയോഗിക്കേണ്ടത്.

17) ഈ ആഫീസിൽ നിന്ന് നൽകുന്ന ക്യാപ്ഷനുകളും ലോഗോകളും ക്യാമ്പയിൻ ആഫീസറുടെ നിർദ്ദേശപ്രകാരം ഫ്ളോട്ടിൽ പ്രദർശിപ്പിക്കേണ്ടതാണ്.

18) ഫ്ളോട്ടിന്റെ നിർമ്മാണത്തിൽ, സർക്കാർ, നഗരസഭ എന്നിവയുടെ നിർദ്ദേശം അനുസരിച്ചുള്ള ഗ്രീൻ പ്രോട്ടോക്കോൾ സമ്പ്രദായം കർശനമായി പാലിക്കേണ്ടതാണ്.

19) ഇതിന്റെ വിശദാംശങ്ങൾ ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ഓഫീസിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ നേരിട്ട് വിളിക്കാവുന്നതാണ്.

ഫോൺ നമ്പർ **0471 - 2317314.**

| | | |
|---|---|---|
| അടങ്കൽ തുക | : | 2,75,000/- രൂപ |
| നിരതദ്രവ്യം | : | 6,875/- (പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് സമർപ്പിക്കേണ്ടതാണ്) |

**ദർഘാസ് ഫോറത്തിന്റെ വില**

| | | |
|---|---|---|
| എ) അസ്സൽ വില | : | 550 + GST |
| ബി) ഡ്യൂപ്ലിക്കേറ്റ് വില | : | 275 + GST |
| ദർഘാസ് ഫോറത്തിന്റെ വിൽപ്പന അവസാനിക്കുന്ന തിയതിയും സമയവും | : | 21.08.2017 1 PM |
| ദർഘാസ് സ്വീകരിക്കുന്ന അവസാന തിയതിയും സമയവും | : | 21.08.2017 3 PM |
| ദർഘാസ് തുറക്കുന്ന തിയതിയും സമയവും | : | 21.08.2017 3.30 PM |

FARM INFORMATION BUREAU
THIRUVANANTHAPURAM

5/8/17

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

PRINCIPAL INFORMATION OFFICER
Farm Information Bureau, Kowdiar
Thiruvananthapuram-695003

*msm/300617/*

GOVERNMENT OF KERALA

**DEPARTMENT OF AGRICULTURE**

**Principal Information Officer**

**Farm Information Bureau, Trivandrum**

***"Tender for Onam Float 2017"***

| | | |
|---|---|---|
| Project Cost | : | Rs. 2,75,000/- |
| Tender Form Cost (Orginal) | : | Rs.550 + GST |
| Tender Form Cost (Duplicate) | : | Rs.275 + GST |
| EMD | : | 2.5% (Rs.6875/-) |
| Last Date of Sale of Tender | : | 21.08.2017, 1 PM |
| Receiving tender up to | : | 21.08.2017, 3 PM |
| Opening of Tender | : | 21.08.2017, 3.30 PM |

05.08.2017 Principal Information Officer

PRINCIPAL INFORMATION OFFICER
Farm Information Bureau, Kowdiar
Thiruvananthapuram-695003

*Copy to :*

1) *Director, Public Relations Department.*
2) *Director, Agriculture Development & Farmers' Welfare* (for website)
3) *Superintendent, Government Press*
4) *Farm Information Bureau, Notice Board*
5) *Stock File*